# നീലച്ചിറകു കുഴഞ്ഞു വീഴുന്നുവോ

നീയറിയുന്നുവോ ചോലമരങ്ങളിൽ സായാഹ്നമോരോന്നിരുണ്ടു ളുങ്ങുന്നതും, നീണ്ട മൗനത്തിലേക്കെൻറെ രാപ്പക്ഷികൾ നീലച്ചിറക കുഴഞ്ഞു വീഴുന്നതും... ചുള്ളിക്കാടിൻറെ ഒരു പ്രണയഗീതം എന്ന കവിതയിലെ ഈ വരികൾ ഇന്നത്തെ വാട്സാപ്പ് സാഹിത്യകാരൻമാർക്ക് അറിയാമോന്ന സംശയമാണ്.

സത്യമായും വേറെ ദുരുദ്ദേശ്യമൊന്നും വച്ചല്ല ഈ വരികൾ ഞാനിവിടെ എടുത്തെഴുതിയി രിക്കുന്നത്. "നീ"യെന്ന കവിതയിൽ പറഞ്ഞതു കൊണ്ട് അപ്പടി ആവർത്തിച്ചിരിക്കുന്നു. അല്ലാതെ എനിക്കു പേരു പറഞ്ഞു വിലപിക്കാൻ ഒരു "നീ"യുമില്ല. ഇനി അഥവാ ഉണ്ടായാൽ തന്നെ നിൻറെ വിലാപം കേട്ടാൽ എനിക്കു ഗ്രാസാണ് എന്നു പറഞ്ഞ് ആ "നീ" പോകുകയേയുള്ളൂ. ഇരുണ്ടു ളുങ്ങുന്ന സായാഹ്നങ്ങളിലേക്കും കുഴഞ്ഞു വീഴുന്ന നീലച്ചിറകുകളിലേക്കും തിരിച്ചു വരാം. ഓഫീസിൻറെ ഓരോ ഇടങ്ങളിലും തൊട്ടെടുക്കാവുന്നതു പോലെ ശൂന്യത നിറയുന്ന സന്ധ്യകളിൽ നിന്നു ആളൊഴുക്കിൻറെ കാഴ്ചകളിലേക്ക് എന്നും വൈകുന്നേരം ഞാൻ നടക്കാനിറങ്ങുന്നു.

ഒരേ തരം കാഴ്ചകളാണ് എന്നും കാണുന്നത്. അയലത്തെ റിട്ടയർ ചെയ്ത ബാങ്ക് മാനേജരുടെയും ഒരിക്കലും പുഞ്ചിരിക്കാത്ത മറ്റൊരു അയൽവാസിയുടെയും തീപ്പെട്ടു പോയ വേറൊരു സാറിൻറെയും മാവിൻറെ കൊമ്പുകളിൽ സായാഹ്നം ഇരുണ്ടുളുങ്ങിക്കിടക്കുകയാവും. ഊരിൻറെ നാഥനായ തേവരുടെ ഉയരങ്ങളിലേക്കു കയറിപ്പോകുന്ന നട വല്ലാതെ വിജനവുമായിരിക്കും. എത്രയോ പ്രണയങ്ങൾ പൂത്തുലയുന്നതിനു സാക്ഷിയായ നട അവയുടെ ചൂരും ചൂടുമുള്ള ഓർമകളിൽ അന്തിമയക്കം ആഘോഷിക്കുമ്പോൾ അതിനെ അലോസരപ്പെടുത്താതെ മെല്ലെ ചുവടുവച്ച് മുകളിലേക്ക് നടക്കുമ്പോൾ ഓർമയിൽ വരുന്നത് ചുള്ളിക്കാടിൻറെ വരികളായിരിക്കും.

അടുത്ത വരി ഇങ്ങനെയാണ്. നിദ്രാന്തരങ്ങളിൽ ദുർമരണത്തിൻറെ സ്വപ്നം തലച്ചോറു കാർന്നു തിന്നുന്നതും..... അതു ഞാൻ ഓർക്കില്ല. ദുർമരണം ആർക്കും വരാതിരിക്കട്ടെ എന്നാണ് മനസ്സുകൊണ്ട് ആശംസിക്കുന്നത്. ഇന്നത്തെ സായാഹ്ന നടത്തം മൂന്നുതരം ശബ്ദകോലാഹലങ്ങൾ കൊണ്ട് സ്വരമുദ്ര ചാർത്തിയതായിരുന്നു. മൂന്നും വല്ലാതെ പകച്ചു പോകുന്ന അവസ്ഥയിലേക്ക് മനസ്സിനെ കൊണ്ടുപോകുന്നത്. എൻറെ ചുവടുകൾ ഒരു വശത്തെ നട കയറുന്നു. മറുവശത്തെ നടയിറങ്ങുന്നു. കയറിയ നടയുടെ മുകളിലെത്തുമ്പോഴേ കേൾക്കാം, പണ്ടേ കാതിനു പരിചിതമായ സ്വരങ്ങൾ. സ്വാമിയേ ശരണമയ്യപ്പാ... പണ്ട് സ്വാമിമാരെല്ലാം ബസിൽ കയറി പോയിരുന്ന കാലത്ത് കാറുകൾ ഭദ്രലോകിൻറെ മാത്രമായിരുന്ന കാലത്ത് ഞങ്ങളുടെ വീടിരിക്കുന്ന ശരണപാതയിൽ വൃശ്ചികം, ധനു മകര മാസങ്ങൾ ശരണം വിളിയുടെയായിരുന്നു. പ്രാർഥനാമന്ത്രത്തിൽ നിന്നു മുദ്രാവാക്യമായി മാറാനും ശരണമന്ത്രത്തിനാകുമെന്ന് പിന്നീട് കാലം പഠിപ്പിച്ചു. ശരണംവിളിയെ തെരുവിൻറെ സ്വരങ്ങളുമായി ചേർത്തുവയ്ക്കുമ്പോൾ എന്തോ വിങ്ങുന്നു. ഒരു തരം വല്ലായ്മ. ബുദ്ധം ശരണം... ധർമം ശരണം... സംഘം ശരണം... ചിന്തകൾ ഒത്തിരി പിന്നിലേക്കു പോകുന്നു. ശ്രീ ബുദ്ധാ പൊറുക്കുക.

അലസഗമനം അടുത്തതായി ചെന്നെത്തിയത് ഒരു കാലത്തെ അയിത്തക്കാരുടെ മഹാസഭയുടെ യോഗത്തിൽ. ബ്രാഹ്മണ്യത്തിൻറെയും രാജത്വത്തിൻറെയും അവശേഷിപ്പുകളെ ഇഴകീറി അലക്കുകയാണ് ഒരു കാലത്ത് പോലിസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്നതിൻറെ പേരിൽ സ്വന്തമായി പേരു പോലും കിട്ടിയ മൈതാനത്ത് ആരൊക്കെയോ. അവർക്ക് പറയാനുള്ളത് പഴയ കാലത്ത് ആരോ അനുഭവിച്ച നോവുകളുടെ കഥകളാണ്. ആ തലമുറയുടെ നോവുകളുടെ ബലത്തിൽ ഇന്നിപ്പോൾ ഗസറ്റഡ് ഓഫീസർമാരും ബാങ്ക് മാനേജർമാരുമൊക്കെയായ ആരെങ്കിലും മഹാസഭയുടെ പതാകയ്ക്കു കീഴിലുണ്ടോ ആവോ. പഴമ അവർക്ക് ഇന്ന് മൈക്ക് കെട്ടിവച്ച് കൊണ്ടാടുന്നതിനുള്ള കോപ്പുനൽകുന്നു. അടി കൊണ്ടവരുടെയും ളമ്പ് ഉറയ്ക്കാൻ കുരുതിയാക്കി ചവുട്ടിതാഴ്ത്തപ്പെട്ടവരുടെയും തലമുറ എന്നേ കടന്നു പോയിരിക്കുന്നു. ഇവരുടെ കൊച്ചുകൊച്ചു മക്കൾ പണി നേടാൻ ജാതി സർട്ടിഫിക്കറ്റ് ഉയർത്തിപ്പിടിച്ചു, പാലം കടന്നു, കഥ മാറി. അത്തരം ഗസറ്റഡ് ദൈവങ്ങൾക്ക് ഇവൻമാർ മൈക്ക് കെട്ടിവച്ചു പറയുന്ന കഥകൾ കേട്ടാൽ നാളെ വിരേചന സുഖമെങ്കിലും നഷ്ടപ്പെടുമെന്നുറപ്പ്. കായം ടാബ്ലറ്റ് മാർക്കറ്റിലുണ്ടല്ലോ, അതു മാത്രമാണ് ആശ്വാസം.

മൂവന്തിയെ ശബ്ദമലിനീകരിക്കുന്ന വേദികൾ ഇനിയും ബാക്കി. പത്തു ചുവടുകൾക്കപ്പുറത്ത് സുവിശേഷ വേദി. വേദപുസ്തകം വച്ചാണ് പരിസര മലിനീകരണം. കാതുപൊട്ടുമായ യേശുവിനെ ഞെട്ടിച്ച് ഉണർത്തിയേ അടങ്ങൂ എന്ന വാശിയിലാണ് ഏതോ പ്രാസംഗികൻ. യേശുവേ കടന്നുവരണമേ..... ഇപ്പറയുന്നയാൾ ഹിസ്റ്റീരിയയുടെ തലത്തിൻറെ തൊട്ടുതാഴെയാണ് നിൽക്കുന്നത്. ഉടലാകെ വല്ലാതെ വിറകൊള്ളുന്നുണ്ട്. കേട്ടിരിക്കുന്നവരും ഉന്മാദത്തിൽ നിന്ന് ഏറെയൊന്നും ദൂരെയല്ല. യേശുവെങ്ങാനും അബദ്ധത്തിൽ അതുവഴി കടന്നുവന്നിരുന്നെങ്കിൽ... ഓർക്കാതിരിക്കുകയാവും നല്ലത്.

ഇതിനിടയിൽ പാവം കുറേ സ്ത്രീ രൂപങ്ങൾ തൊട്ടുതൊട്ടു വിരാജിക്കുന്ന മൂന്നു തുണിക്കടകളുടെ ഷട്ടറിൻറെ ഉയർച്ചയെയും താഴ്ചയെയും നിർണയിക്കുന്ന ക്ലോക്കിൻറെ തടവറ ഭേദിച്ച് അന്തിവണ്ടികൾ പിടിക്കുന്നതിനായി തിരക്കിട്ടു നീങ്ങുകയാണ്. കടയ്ക്കുള്ളിലെ ബൊമ്മകളെ പോലെ ഇവരെ ഒരുക്കി നിർത്തുന്ന മുതലാളിമാരുടെ കണ്ണ് കോഴിക്കുട്ടിൽ തന്നെയാണെന്നു ഇവരെ ഒരു നോക്കു കാണുന്ന ആർക്കും വ്യക്തം. ഇളം നിറമുള്ള സാരികൾ ചെറുചെറു ഞൊറികളായി അടുക്കിപ്പിടിച്ച് ബ്ലൗസിൻറെ ഇടത്തേ ഉരത്തിനു മുകളിൽ ടൈറ്റായി കുത്തിയുറപ്പിച്ചിരിക്കുകയാണ്. ഇവരുടെ ഒക്കുപേഷണൽ ഹസാർഡ്സ് ആരറിയുന്നു.

മുകളിലെ തട്ടിൽ നിന്നു തുണികൾ ഓരോന്നായി കസ്റ്റമറുടെ മുന്നിൽ എടുത്തു വയ്ക്കണം. പല ആംഗിളുകളിൽ ശരീരം തിരിക്കണം, ചെരിയണം. ഓരോ ചെരിവിലും കൈ ഉയർത്തലിലും നല്ല ടൈറ്റായി തന്നെ സ്വന്തം വടിവുകൾ കസ്റ്റമറുടെ കണ്ണിന് ക്ലോസ്അപ്പിൽ വിരുന്നായി മാറുന്നുണ്ടെന്ന് ഇവരും അറിയുന്നുണ്ട്. കോർണിയൽ കോയിറ്റസിന് (ഡി. ബാബു പോൾ സാറിനോട് കടപ്പാട്) തരംകിട്ടുമോ എന്നു നോക്കി അലയുന്ന ഇളിയൻമാരുടെയും ഫുട്പാത്ത് അടക്കി വാഴുന്ന ചിന്തിക്കച്ചവടക്കാരുടെയും ഇടയിലൂടെ നാടിൻറെ ഈ നല്ലപാതിമാർ ഓരോ അന്തിക്കും ഞെരുങ്ങിയോടുകയാണ്. പകൽ മുഴുവൻ പലരുടെയും കണ്ണിനു വിരുന്നൂട്ടിയ അതേ വടിവുകളിൽ തന്നെ ഈ അന്തിക്കുതിപ്പിൽ പലരുടെയും 'അലക്ഷ്യ'മായ ഉരസലുകൾ വരുന്നത് അവർ അറിയാതെയല്ല. ഒന്നിനു വേണ്ടിയും വെയ്റ്റ് ചെയ്യാനാവില്ല. അവരുടെ മനസ്സിൽ അയ്യപ്പനുമില്ല, യേശുവുമില്ല, അയ്യങ്കാളിയുടെ വില്ലുവണ്ടിയുമില്ല. ആകെയുള്ളത് മുലപ്പാലിനു വേണ്ടി പകലു മുഴുവൻ തൊണ്ടയുണങ്ങി കാത്തിരുന്ന കുഞ്ഞുങ്ങളാവും. പള്ളിക്കൂടം വിട്ടു വന്നതു മുതൽ അമ്മ വരാൻ നിമിഷമെണ്ണിയിരിക്കുന്ന കുരുന്നുകളാവും. കിഴവിലെത്തിയ മാതാപിതാക്കളായിരിക്കും. ഇതു നമ്മുടെ നഗരത്തിൻറെ ഇന്നത്തെ സായാഹ്ന ജീവിതം.